(Pages : 4) **230**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2017.

## CHEMISTRY

(Malayalam)

Time : 1½ Hours Total Score : 40

**നിർദ്ദേശങ്ങൾ :**

- പതിനഞ്ച് മിനുട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കാം.
- ചോദ്യങ്ങളും നിർദ്ദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

Score

1. ചുവടെ നല്കിയിരിക്കുന്ന സബ് ഷെല്ലുകളിൽ സാധ്യതയില്ലാത്തത് ഏതൊക്കെ ? 1

   2p, 6s, 3f, 5d, 4s, 1p

2. 'X' എന്ന മൂലകത്തിന്റെ ബാഹ്യതമ ഇലക്ട്രോൺ വിന്യാസം $3s^2 3p^1$ ആണ്. ഈ മൂലകവുമായി ബന്ധപ്പെട്ട് താഴെ നല്കിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

   (a) ഈ മൂലകത്തിന്റെ അറ്റോമിക നമ്പർ എത്ര ? 1

   (b) X-ന്റെ ഗ്രൂപ്പ് നമ്പർ, പീരിയഡ് നമ്പർ എന്നിവ എഴുതുക. 1

   (c) ഈ മൂലകത്തിന്റെ ഓക്സൈഡിന്റെ രാസസൂത്രം എഴുതുക. 1

3. ഈ ചോദ്യത്തിന് **ചോയ്സ്** ഉണ്ട്. ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക.

   (A) മാർബിളും നേർപ്പിച്ച HCl-ഉം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നു.

   $CaCO_3 + 2HCl \rightarrow CaCl_2 + H_2O + CO_2$

   (a) രണ്ട് മോൾ $CaCO_3$ മതിയായ അളവിൽ HCl -ഉം ആയി രാസപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ എത്ര ഗ്രാം ജലം ലഭിക്കും. 1

   (b) 500 g $CaCO_3$ മതിയായ അളവിൽ HCl-ഉം ആയി പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന $CO_2$ വാതകത്തിന്റെ STP-യിലെ വ്യാപ്തം എത്ര? 2

   (അറ്റോമിക മാസ് Ca - 40, Cl - 35.5, O - 16, C - 12, H - 1)

**അല്ലെങ്കിൽ**

Score

(B) കാർബൺ മോണോക്സൈഡ് വാതകം ഒരു നിരോക്സീകാരിയാണ്. കാർബൺ മോണോക്സൈഡ് ഉപയോഗിച്ചു $Fe_2O_3$-യെ നിരോക്സീകരിക്കുന്നത് ചുവടെ കൊടുത്തിരിക്കുന്നത് പ്രകാരമാണ്.

$Fe_2O_3 + 3CO \rightarrow 2Fe + 3CO_2$

(a) ഈ പ്രവർത്തനത്തിലൂടെ 28 g ഇരുമ്പ് ലഭിക്കുവാൻ എത്ര ഗ്രാം $Fe_2O_3$ ആവശ്യമാണ് ? 1

(b) 320 g $Fe_2O_3$-യെ പൂരണമായും നിരോക്സീകരിക്കുവാൻ ആവശ്യമായ കാർബൺ മോണോക്സൈഡിന്റെ STP-യിലെ വ്യാപ്തമെത്ര ? 2

(അറ്റോമിക മാസ് Fe – 56, O – 16, C – 12)

4. മൂന്ന് ലായനികൾ ചുവടെ നല്കിയിരിക്കുന്നു. 2

ലായനി A : 14 g KOH 500 mL ലായനിയിൽ ലയിപ്പിച്ചിരിക്കുന്നു.

ലായനി B : 18 g NaOH 600 mL ലായനിയിൽ ലയിപ്പിച്ചിരിക്കുന്നു.

ലായനി C : 18 g NaOH 750 mL ലായനിയിൽ ലയിപ്പിച്ചിരിക്കുന്നു.

ഇവയെ അവയുടെ ഗാഢതയുടെ ആരോഹണ ക്രമത്തിൽ എഴുതുക.

(അറ്റോമിക മാസ് K – 39, Na – 23, O – 16, H – 1)

5. സ്വയം രാസമാറ്റത്തിന് വിധേയമാകാതെ രാസപ്രവർത്തന വേഗത്തിന് മാറ്റമുണ്ടാക്കുന്ന പദാർത്ഥങ്ങളാണ് ഉൽപ്രേരകങ്ങൾ.

(a) ഹേബർ പ്രക്രിയയിൽ ഉപയോഗിക്കുന്ന ഉൽപ്രേരകം ഏത് ? 1

(b) പോസിറ്റീവ് ഉൽപ്രേരകം, നെഗറ്റീവ് ഉൽപ്രേരകം എന്നിവയെന്താണെന്ന് വ്യക്തമാക്കുക. ബന്ധപ്പെട്ട പ്രവർത്തനം ഉൾപ്പെടുത്തി ഇവയ്ക്ക് ഒരോ ഉദാഹരണം വീതം നല്കുക. 2

6. ചുവടെ നല്കിയിരിക്കുന്ന സംതുലനാവസ്ഥയിൽ എത്തിയ ഉഭയദിശാ പ്രവർത്തനം പരിഗണിക്കുക. 2

$$N_2O_4\,(g) \underset{\text{താപമോചകം}}{\overset{\text{താപാഗിരണം}}{\rightleftharpoons}} 2NO_2\,(g)$$

താഴെ നല്കിയിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന കണ്ടെത്തുക.

(i) $N_2O_4$ - ന്റെ അളവ് കൂട്ടുന്നത് പുരോ പ്രവർത്തന വേഗം കൂട്ടുന്നു.

(ii) മർദ്ദം കൂട്ടുന്നത് പുരോ പ്രവർത്തന വേഗം കൂട്ടുന്നു.

(iii) താപനില കുറയ്ക്കുന്നത് പശ്ചാത് പ്രവർത്തന വേഗം കൂട്ടുന്നു.

(iv) $NO_2$ നീക്കം ചെയ്യുന്നത് പശ്ചാത് പ്രവർത്തന വേഗം കൂട്ടുന്നു.

7. കുമിൾ നാശിനികളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ഒരു രാസവസ്തുവാണ് $CuSO_4$. കോപ്പർ സൾഫേറ്റ് ലായനി സൂക്ഷിക്കാൻ ഇരുമ്പ് പാത്രങ്ങൾ ഉപയോഗിക്കാമോ ? കാരണം വ്യക്തമാക്കുക. 2

8. വൈദ്യുതി കടത്തി വിടുമ്പോൾ ഒരു ഇലക്ട്രോലൈറ്റ് രാസമാറ്റത്തിന് വിധേയമാകുന്ന പ്രവർത്തനമാണ് വൈദ്യുത വിശ്ലേഷണം.

   (a) ഗ്രാഫൈറ്റ് ഇലക്ട്രോഡുകൾ ഉപയോഗിച്ച് ജലീയ $CuCl_2$-നെ വൈദ്യുത വിശ്ലേഷണം നടത്തുമ്പോൾ ലഭിക്കുന്ന ഉൽപ്പന്നങ്ങൾ ഏതൊക്കെ ? 1

   (b) ഗ്രാഫൈറ്റ് ഇലക്ട്രോഡുപയോഗിച്ച് ജലീയ $CuCl_2$-നെ വൈദ്യുത വിശ്ലേഷണം നടത്തുമ്പോൾ ഇലക്ട്രോഡുകളിൽ നടക്കുന്ന പ്രവർത്തനമെഴുതുക. 2

   (c) വൈദ്യുത വിശ്ലേഷണ സെല്ലിലെ ആനോഡിന്റെ ചാർജ് എന്തായിരിക്കും ? 1

9. അയിരിൽ നിന്ന് ശുദ്ധലോഹം വേർതിരിക്കുന്നത് വരെയുള്ള മുഴുവൻ പ്രക്രിയകളും ചേർന്നതാണ് ലോഹനിഷ്കർഷണം.

   (a) ധാതുവും അയിരും തമ്മിലുള്ള വ്യത്യാസമെന്ത് ? 1

   (b) ഏതുതരം അയിരുകളാണ് സാധാരണയായി പ്ലവന പ്രക്രിയയിലൂടെ സാന്ദ്രീകരിക്കുന്നത്. ഒരു ഉദാഹരണം നല്കുക. 2

10. ഇരുമ്പിന്റെ നിഷ്കർഷണം ബ്ലാസ്റ്റ് ഫർണസ് ഉപയോഗിച്ചാണ് സാധ്യമാക്കുന്നത്. ഇരുമ്പിന്റെ പ്രധാനപ്പെട്ട ഒരു അയിരിന്റെ പേര് എഴുതുക. 1

11. അലുമിനിയത്തിന്റെ നിഷ്കർഷണത്തിൽ സാന്ദ്രീകരണം വൈദ്യുത വിശ്ലേഷണം എന്നിങ്ങനെ പ്രധാനപ്പെട്ട രണ്ട് ഘട്ടങ്ങൾ ഉണ്ട്.

   (a) അലുമിനിയത്തിന്റെ അയിരിനെ ചൂടുള്ള ഗാഢ NaOH ലായനിയുമായി പ്രവർത്തിപ്പിക്കുന്നതിന്റെ കാരണമെന്ത് ? 1

   (b) വൈദ്യുത വിശ്ലേഷണ വേളയിൽ ഇലക്ട്രോലൈറ്റിനൊപ്പം ക്രയോലൈറ്റ് ചേർക്കുന്നത് എന്തിനാണ് ? 1

12. ഒരേ തന്മാത്രാസൂത്രവും വ്യത്യസ്ത ഘടനയുമുള്ള സംയുക്തങ്ങളാണ് ഐസോമറുകൾ.

   (a) $C_4H_8O_2$ എന്ന തന്മാത്ര വാക്യമുള്ള രണ്ട് കാർബോക്സിലിക്ക് ആസിഡ് ഐസോമറുകളുടെ ഘടന വരയ്ക്കുക. 2

   (b) മുകളിൽ പറഞ്ഞ രണ്ട് ഐസോമറുകളുടെ IUPAC നാമം എഴുതുക. 2

13. രണ്ട് ഓർഗാനിക് സംയുക്തങ്ങളുടെ IUPAC നാമം ചുവടെ നല്കിയിരിക്കുന്നു.

   (a) 3, 3, 5, 5 - ടെട്രാമീതൈൽ ഒക്ടെയ്ൻ 1

   (b) 4 -മീതൈൽ ഹെപ്റ്റ് -2-ഐൻ 1

   ഇവയുടെ ഘടന വരയ്ക്കുക.

Score

14. വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒരു പോളിമറാണ് PVC.
    (a) PVC-യുടെ മോണോമർ ഏതാണ് ? 1
    (b) PVC-യുടെ ഘടന രേഖപ്പെടുത്തുക. 1

15. ഒരു കാർബോക്സിലിക്ക് ആസിഡിനെ ആൽക്കഹോളുമായി രാസപ്രവർത്തനത്തിൽ ഏർപ്പെടുത്തി എസ്റ്റർ നിർമിക്കാവുന്നതാണ്.
    (a) മീതൈൽ പ്രൊപ്പനോയേറ്റ് എസ്റ്റർ നിർമിക്കാനാവശ്യമായ കാർബോക്സിലിക്ക് ആസിഡിന്റെയും ആൽക്കഹോളിന്റെയും പേരെഴുതുക 1
    (b) ഈ പ്രവർത്തനത്തിന്റെ രാസ സമവാക്യമെഴുതുക. 2

16. കോളം A-യിലും B-യിലും ഉള്ളവയെ തമ്മിൽ ചേരുംപടി ചേർക്കുക 2

| A<br>ഔഷധത്തിന്റെ വിഭാഗം | B<br>ധർമം |
|---|---|
| (i) അന്റാസിഡുകൾ | (a) സൂക്ഷ്മാണുക്കളെ നിയന്ത്രിക്കുന്നതിന് |
| (ii) ആന്റിസെപ്റ്റിക്കുകൾ | (b) വേദന കുറയ്ക്കുന്നതിന് |
| (iii) അനാൾജസിക്കുകൾ | (c) ശരീര താപനില കുറയ്ക്കുന്നതിന് |
| (iv) ആന്റിപൈറെറ്റിക്കുകൾ | (d) അസിഡിറ്റി കുറയ്ക്കുന്നതിന് |

17. മനുഷ്യനിർമ്മിതമായ ഒരു പ്രധാനപ്പെട്ട വസ്തുവാണ് ഗ്ലാസ്. ലെൻസുകൾ, പ്രിസങ്ങൾ മുതലായവ നിർമിക്കാൻ ഉപയോഗിക്കുന്നത് ഏതുതരം ഗ്ലാസാണ് ? 1

-oOo-